# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.457** **26.04.2017-ൽ മറുപടിയ്ക്ക്**

## നികുതി പിരിവ്

| | ചോദ്യം<br>ശ്രീ.എ.എം.ആരിഫ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | നികുതി പിരിവുകൾ ഊർജ്ജിതമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ ഗുണം ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ കൃത്യസമയത്ത് നികുതി തുക അടയ്ക്കുന്നതിനായുള്ള സുതാര്യവും സൗകര്യപ്രദവുമായ മെച്ചപ്പെട്ട മാർഗ്ഗങ്ങൾ ആലോചനയിലുണ്ടോ; | (ബി) | ഉണ്ട്. വാണിജ്യ നികുതി, രജിസ്ട്രേഷൻ ഫീസ് തുടങ്ങിയവ അടയ്ക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ലാന്റ് റവന്യൂ, റവന്യൂ റിക്കവറി ഇനങ്ങളിൽ പിരിക്കേണ്ട ടാർജറ്റ് നിശ്ചയിച്ച് നൽകുകയും കെട്ടിട/ആഢംബര നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള കർമ്മപരിപാടി ആവിഷ്കരിക്കുകയും ചെയ്തു. |
| (സി) | നികുതി കുടിശ്ശിക വരുത്തുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | നികുതി കുടിശ്ശിക വരുത്തുന്നവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | വൻ തുകയുടെ നികുതി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് കർശന നടപടി കൈക്കൊള്ളുമോ ? | (ഡി) | വൻ തുകയുടെ നികുതി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**